പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1810 — 04.12. 2015-ൽ മറുപടിക്ക്

## ക്ഷേമപെൻഷൻ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | വിവിധ ക്ഷേമപെൻഷനുകൾ ഗുണ ഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്ന പരാതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (എ) | ക്ഷേമപെൻഷനുകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് വീഴ്ച സംഭവിച്ചിട്ടില്ല. ഡി.ബി.ടി സമ്പ്രദായത്തിൽ പെൻഷൻ വിതരണം ചെയ്യുന്നതിന് സാങ്കേതിക വിദ്യയുടെ സഹായം അനുപേക്ഷണീയമാണ്. ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടുകൾ, ഇഎം.ഒ എന്നിവ മുഖാന്തിരം തുക വിതരണം ചെയ്തതിൽ താപൽ വകുപ്പിന് ഗുണഭോക്താക്കൾക്ക് യഥാസമയം തുക ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. തപാൽ വകുപ്പിന്റെ ഏറ്റവും താഴെ തട്ടിൽ തുക കൃത്യമായി എത്തിയോ എന്നറിയുന്നതിനും കൃത്യസമയത്ത് വിതരണം ചെയ്തോ എന്നും അറിയുന്നതിനുള്ള സാങ്കേതിക സംവിധാനം സമയബന്ധിതമായി പ്രവർത്തിക്കുന്നില്ല.<br>2. തപാൽ ഓഫീസുകളുടെ വിവിധ കോഡുകൾ മുന്നറിയിപ്പില്ലാതെ ഇടയ്ക്കിടയ്ക്ക് മാറുന്നത് സുഗമമായ വിതരണത്തിന് തടസ്സമാകുന്നു. |
| (ബി) | ഓരോ ക്ഷേമപെൻഷനും എത്ര മാസത്തെ വീതം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ കുടിശ്ശിക ഗഡുക്കളുടെ കാര്യത്തിൽ ഏകീകൃത സ്വഭാവം ഇല്ല. പൊതുവായി 2014 സെപ്തംബർ മുതൽ 2015 ജനുവരി മാസം വരെയുള്ള അഞ്ച് ഗഡുക്കളാണ് കുടിശ്ശികയുള്ളത് . |

| | | | |
|---|---|---|---|
| (സി) | അവശരും രോഗികളും വൃദ്ധരും വികലാംഗരും ഉൾപ്പെടെയുള്ളവർ പെൻഷൻ പോസ്റ്റാഫീസിൽ പോയി പെൻഷൻ തുക കൈപ്പറ്റണമെന്ന് തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ: | (സി) | അവശരും രോഗികളും , വൃദ്ധരും, വികലാംഗരും ആയ ഗുണഭോക്താക്കൾക്ക് മണി ഓർഡർ ആയി തുക ലഭിക്കുന്നതിനുള്ള സംവിധാനം ഇപ്പോഴും നിലവിലുണ്ട്. ബാങ്ക്/ പോസ്റ്റാഫീസ് അക്കൗണ്ട്, ഇഎംഒ എന്നീ വിതരണ രീതികളിൽ ഏത് രീതിയിൽ പെൻഷൻ ലഭിക്കണമെന്ന് തീരുമാനിക്കേണ്ടത് ഗുണഭോക്താവ് തന്നെയാണ്.<br>കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി ക്ഷേമ പെൻഷനുകൾ യഥാർത്ഥ ഗുണഭോക്താവിനു തന്നെ ലഭിക്കുന്നതിനുവേണ്ടി ബാങ്ക്/ പോസ്റ്റാഫീസ് അക്കൗണ്ട് മുഖേന നടപ്പിലാക്കി വരുന്ന ഡി.ബി.റ്റി ( Direct Benefit Transfer) പദ്ധതിയുടെ ഭാഗമായാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടത്. |
| (ഡി) | എല്ലാ ക്ഷേമപെൻഷനുകളും പോസ്റ്റ്മാൻ മുഖേന വീടുകളിൽ എത്തിച്ചിരുന്ന സംവിധാനം പുന: സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ